"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - ചെമ്മീൻ കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി അംഗീകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.221/2025/F&P തീയതി, തിരുവനന്തപുരം, 26-03-2025

---

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 02/12/2024, 18/02/2025 തീയതികളിലെ DFTVM/3550/2021-C1 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ചെമ്മീൻ കർഷകർക്കായി ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതു സംബന്ധിച്ച് പരാമർശത്തിലെ കത്തു പ്രകാരം ഫിഷറീസ് ഡയറക്ടർ ശിപാർശ സമർപ്പിച്ചിരുന്നു. പ്രസ്തുത ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ PMKSSY പ്രകാരം തുക ലഭിക്കുന്ന പക്ഷം സബ്സിഡി നൽകുന്നത് പരിഗണിക്കാവുന്നതാണെന്നും ആയതിനാൽ ചെമ്മീൻ കർഷകർക്കായുള്ള ഇൻഷുറൻസ് പദ്ധതി അംഗീകരിക്കുന്നതിനും നടപ്പു സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെമ്മീൻ കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ നിലവിൽ സംസ്ഥാനത്തിനു സാമ്പത്തിക ബാധ്യത വരാത്ത സാഹചര്യത്തിൽ ചെമ്മീൻ കർഷകർക്കായുള്ള ഇൻഷ്വറൻസ് പദ്ധതി അംഗീകരിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പു സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അബ്ദുൾ നാസർ ബി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ (വനിതാ ശിശുവികസന) വകുപ്പ് (3090056/WCD-2/65/2025-FIN തീയതി 26/03/2025 പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 26-03-2025 16:18:48

സെക്ഷൻ ഓഫീസർ